(സി) ടെക്നോപാർക്കിൽ 357 കമ്പനികളിലായി 47055 പേരും ഇൻഫോ പാർക്കിൽ 220 കമ്പനികളിൽ 24000 ത്തോളം പേരും സൈബർ പാർക്കിൽ നാലു കമ്പനികളിലായി 60 പേരും കെ.എസ്.ഐ.ടി.ഐ. എല്ലിൽ 3 കമ്പനികളിലായി 150-ഓളം പേരും ജോലി നോക്കി വരുന്നു.

(ഡി) ഉണ്ട്.

അക്ഷയ കേന്ദ്രങ്ങൾ

305 (654) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചാത്തന്നൂർ, കല്ലുവാതുക്കൽ, പൂതക്കുളം, ആദിച്ചനല്ലൂർ, പൂയപ്പള്ളി, ചിറക്കര എന്നീ ഗ്രാമപഞ്ചായത്തുകളിലും പരവൂർ നഗരസഭയിലുമായി ആകെ എത്ര അക്ഷയ കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുവെന്നും, ആയത് ഏതൊക്കെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിലാണെന്നും അറിയിക്കുമോ ;

(ബി) ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ/നഗരസഭയുടെ പരിധിയിൽ എത്ര അക്ഷയ കേന്ദ്രങ്ങൾക്ക് വരെ അനുമതി നൽകാറുണ്ട് ; ഒരു തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിൽ ഒരു അക്ഷയ കേന്ദ്രം മാത്രമേ ഉള്ളുവെങ്കിൽ ജനങ്ങളുടെ സൗകര്യം പരിഗണിച്ച് കൂടുതൽ എണ്ണത്തിന് അനുമതി നൽകുവാൻ സന്നദ്ധമാകുമോ ;

(സി) പുതുതായി അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിലേക്ക് എന്തൊക്കെ നടപടി ക്രമങ്ങളാണുള്ളത് ; അപേക്ഷ ആർക്കാണ് സമർപ്പിക്കേണ്ടതെന്നും, അപേക്ഷ യോടൊപ്പം നൽകേണ്ട രേഖകൾ എന്തൊക്കെയാണെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ചാത്തന്നൂരിൽ -1, കല്ലുവാതുക്കലിൽ - 2, പൂതക്കുളത്ത്-2, ആദിച്ചനെല്ലൂരിൽ -2, പൂയപ്പള്ളിയിൽ-1, ചിറക്കരയിൽ-1, പരവൂർ നഗര സഭയിൽ -2 എന്ന കണക്കിൽ അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ പൂയപ്പള്ളിയിലെ ഒരു ലൊക്കേഷനിലേക്കും, പരവൂർ നഗര സഭയിലെ 3 ലൊക്കേഷനിലേക്കും അക്ഷയ സംരംഭകരുടെ തെരഞ്ഞെടുപ്പ് പ്രക്രിയ അന്തിമ ഘട്ടത്തിലാണ്. ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങളുടെ ലിസ്റ്റ് അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലെ വ്യവസ്ഥകൾ അനുസരിച്ച ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 4-ഉം, മുനിസിപ്പാലിറ്റിയുടെ പരിധിയിൽ 6-ഉം കോർപ്പറേഷനുകളിൽ ജനസംഖ്യാനുപാതത്തിനനുസരിച്ച് അതാത് കോർപ്പറേഷനുകൾ ആവശ്യപ്പെടുന്ന തനുസരിച്ചാണ് പുതിയ അക്ഷയ കേന്ദ്രങ്ങൾക്ക് അനുമതി നൽകിവരുന്നത്. എന്നാൽ രണ്ട അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി 2 കിലോ മീറ്ററിൽ കൂടുതൽ ആയിരിക്കണം. മേൽ വിവരിച്ച വ്യവസ്ഥകൾക്ക് വിധേയമായി അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിവരുന്നു.

(സി) വിശദാംശങ്ങൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.*

കണ്ടറ ടെക്നോപാർക്ക്

306 (655) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ടറ ടെക്നോ പാർക്കിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര ;

(ബി) കണ്ടറ ടെക്നോപാർക്കിന്റെ എത്രത്തോളം പ്രവൃത്തികൾ പൂർത്തിയാ ക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) ഈ സർക്കാർ വന്നതിനുശേഷം കണ്ടറ ടെക്നോപാർക്കിന്റെ എത്ര ഘട്ടങ്ങൾ പൂർത്തിയായിക്കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നബാർഡിൽ നിന്നുമെടുത്ത വായ്പ മടക്കി നൽകുന്നതിനായി 2011-12-ൽ Rs. 13,21,14,000 രൂപയും, 2012-13-ൽ Rs. 12,52,06,000 രൂപയും ബഡ്ജറ്റിൽ നിന്നും അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം ₹ 2,00,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) 1. ആദ്യ ഘട്ടമായ 1,00,000 Sq.ft. വിസ്തീർണ്ണമുള്ള അഷ്ടമുടി IT building ന്റെ നിർമ്മാണം.

2. 11 ലക്ഷം സ്റ്റോറേജ് കപ്പാസിറ്റിയുള്ള വാട്ടർ ടാങ്കും പമ്പ് ഹൗസും

3. 0.3 MLD കപ്പാസിറ്റിയുള്ള Sewage Treatment Plant-ന്റെ നിർമ്മാണം.

4 1.5 Km നീളമുള്ള Interior road.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly